നം.കെ.എസ്.എ.പി.റ്റി.എ.പി/**8/53/2017** തീയതി**: 06.2.2017**

പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ **2015-16** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം**-** വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.06.2016 മുതൽ 31.12.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 16 എണ്ണം നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ**.**ഹബീബ് മുഹമ്മദ്**,** ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | **04.01.17** മുതൽ **17.01.17** വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി ജയപ്രഭ.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)**നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | *പി.റ്റി .സീനാകുമാരി* | 1.04.2015 മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ സമിതി | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീമതി റെനി സനിൽ | 19.11.2015മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീമതി എൻ.എ.ടെസ്സില | 1.04.2015മുതൽ 26.07.2015 വരെ |
| | ശ്രീ എസ്സ്.പ്രഫുല്ല ചന്ദ്രൻ | 27.07.2015 മുതൽ 31.03.2016വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2015-16
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2015-16
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2015-16

ഉള്ളടക്കം


| ക്രമ നം. | ഭാഗം **1:** പൊതു അവലോകനം | ഖണ്ഡിക നം. |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | തനതുവരുമാനം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | പദ്ധതി നിർവഹണ വിവരങ്ങൾ | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം **2:** വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 2-1 |
| 13 | വസ്തുനികുതി - അസസ്മെന്റ് രജിസ്റ്ററും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 2-2 |
| 14 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നഷ്ടം വരുന്നത് - സംബന്ധിച്ച് | 2-3 |
| 15 | സർക്കാർ വിജ്ഞാപനം ചെയ്ത പ്രകാരം പുതിയ ഇനങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിക്കാത്തത് | 2-4 |
| 16 | മൊബൈൽ ടവറുകൾ ഉപയോഗപ്പെടുത്തുന്ന മുഴുവൻ ഭാഗത്തിനും വസ്തുനികുതി ചുമത്തുന്നില്ല | 2-5 |
| 17 | തൊഴിൽ നികുതി - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു | 2-6 |
| 18 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് | 2-7 |
| 19 | എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-8 |
| 20 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് | 2-9 |
| 21 | ഡി&ഒ ലൈസൻസ് - എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല, ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല | 2-10 |
| 22 | കൃത്യമായ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കാത്തത് | 2-11 |
| 23 | പരസ്യ നികുതി പിരിക്കുന്നില്ല | 2-12 |
| | ഭാഗം**-3** ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 24 | പദ്ധതിവിഹിതം പൂർണ്ണമായും വിനിയോഗിക്കാതിരുന്നതിനാൽ 91.9 ലക്ഷം രൂപ പഞ്ചായത്തിന് നഷ്ടമായി | 3-1 |
| 25 | പഞ്ചായത്തിന് കൈമാറിക്കിട്ടാത്ത ആംബുലൻസിന്റെ അറ്റകുറ്റപ്പണികൾക്കും ഇന്ധനച്ചെലവിനും സംരക്ഷണഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചു | 3-2 |

| | | |
|---|---|---|
| 26 | ക്ഷയരോഗ നിയന്ത്രണ പരിപാടി -മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-3 |
| 27 | ഭവന പുനരുദ്ധാരണം- അനർഹമായി നൽകിയ തുക തിരികെ ഈടാക്കിയില്ല | 3-4 |
| 28 | നായ്ക്കൾക്ക് ഷെൽറ്റർ നിർമ്മാണം- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 3-5 |
| 29 | എസ്.എസ്.എ. - വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-6 |
| 30 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അർഹമായ ആനുകൂല്യം നൽകുന്നില്ല | 3-7 |
| 31 | അങ്കണവാടി പോഷകാഹാരം - അരി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നില്ല | 3-8 |
| 32 | ഓണറേറിയം ഇനത്തിൽ അധിക തുക പിൻവലിച്ചു | 3-9 |
| 33 | അങ്കണവാടികൾ - അവലോകനം | 3-10 |
| 34 | ആശ്രയ -പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല | 3-11 |
| | ഭാഗം- **4** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 35 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

2015-16വർഷത്തെ ബജറ്റ് 12.03.2015 തീയതിയിലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**2015-16**

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+) / (-) |
| മുന്നിരിപ്പ് | 19235050 | 11497066 | | 7737984 | (-)40% |
| വരവ് | 79358766 | 17871601 | | 61487165 | (-)77% |
| ആകെ | 98593816 | 29368667 | | 69225149 | (-)70% |
| ചെലവ് | 75319555 | 28350906 | | 46968649 | (-)62% |
| നീക്കിയിരിപ്പ് | 23274261 | 1017761 | | 22256500 | (-)96% |

തുകകളിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. വിവിധ നികുതി,നികുതിയേതര വരുമാനങ്ങളുടെ ബജറ്റ് നിർദ്ദേശവും യഥാർത്ഥ ഡിമാന്റും തമ്മിലുള്ള വ്യതിയാനം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് (വാർഷിക കണക്ക് പ്രകാരമുള്ളത്) | വ്യത്യാസം (-)/( +) |
|---|---|---|---|
| വസ്തുനികുതി | 4580100 | 1932220 | (-)2647880 |
| തൊഴിൽ നികുതി | 1353000 | 1108020 | (-)244980 |
| വാടക | 330000 | 67469 | (-)262531 |
| ഡി&ഒ ലൈസൻസ് | 82500 | 47900 | (-)34600 |
| പെർമിറ്റ് ഫീ | 445000 | 51009 | (-)393991 |

വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണെന്ന് പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (3) ൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മുൻ വർഷത്തെ യഥാർത്ഥ ഡിമാന്റിൽനിന്നും വ്യതിചലിച്ചാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് മേൽപട്ടികയിൽ നിന്നും വ്യക്തമാണ്. ഇതിനുള്ള വിശദീകരണങ്ങളൊന്നും തന്നെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| *വർഷം* | *ഓഡിറ്റിനായി ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി* | *ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം* |
|---|---|---|---|
| 2015-16 | 31/07/2016 | 25/07/16 | നം.കെ.എസ്.എ.പി.റ്റി.എ.പി8/53/2017 *(ഓഡിറ്റ് സർട്ടിഫിക്കറ്റ്)* |

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11497066 |
| വരവ് | 17871601 |
| ആകെ | 29368667 |
| ചെലവ് | 28350906 |
| നീക്കിയിരിപ്പ് | 1017761 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | ആകെ തുക | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 661975 | 2367557 | 2087644 | 5117176 | - | 5117176 | 0 |
| വികസനഫണ്ട്(എസ്.സി.പി) | 1963905 | 2920635 | - | 4884540 | 117092 | 3767448 | 0 |
| വികസനഫണ്ട്(റ്റി.എസ്.പി) | 28474 | 1190 | - | 29644 | 28474 | 1190 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 4509036 | | | 4509036 | | 4509036 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 1372715 | -132666 | | 1240049 | | 1240049 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് | 474691 | 2561919 | | 3036610 | 941041 | 2095569 | 0 |
| ലോകബാങ്ക് ധനസഹായം | 1037 | 1037 | | 2074 | 1037 | 1037 | 0 |

### 1-5 തനതു വരുമാനം

| *ഇനം* | *2014-15* | *2015-16* | *വർദ്ധനവ്/കുറവ്* | *ശതമാനം* |
|---|---|---|---|---|
| നികുതി വരവുകൾ | 2920116 | 2683726 | (-) 336390 | (-)8% |
| നികുതിയേതര വരവുകൾ | 627147 | 339788 | (-)287359 | (-)45% |
| മറ്റു വരവുകൾ | 352504 | 650912 | 298408 | (+)84% |
| ആകെ | 3899767 | 3674426 | (-)225341 | (-)6% |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 126 | 90 | - | 36 | 71% |

## 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

എ) മേഖല തിരിച്ചുള്ള ചെലവുകൾ

| വികസന മേഖല | അംഗീകരിച്ച പ്രൊജക്ടുകൾ | | നടപ്പാക്കിയ പ്രൊജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | ആകെ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉത്പാദനം | 9 | 2535655 | 5 | 938100 | 36.99% |
| സേവനം | 58 | 19873397 | 33 | 9679866 | 48.70% |
| പശ്ചാത്തലം | 59 | 8992957 | 52 | 6775137 | 75.30% |
| ആകെ | 126 | 31402009 | 90 | 17393103 | 55.38% |

ബി) നിർബന്ധിത വകയിരുത്തലും ചെലവുകളും

| പദ്ധതി | പ്രൊജക്ട് നമ്പർ | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| വനിതാ ഘടക പദ്ധതി | 6,27,37,68 | 1758246 | 1288000 |
| വൃദ്ധർ,ഭിന്ന ശേഷിയുള്ളവർ,കുട്ടികൾ | 13,22,44 | 1800000 | 1217598 |
| പാലിയേറ്റീവ് കെയർ | 18,47 | 546800 | 256800 |
| യുവജന വികസന പദ്ധതി | 151 | 990000 | 970830 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1161420 | 115 |
| വിധവാപെൻഷൻ | 3363120 | 297 |
| വാർദ്ധക്യകാലപെൻഷൻ | 6622680 | 757 |
| വികലാംഗപെൻഷൻ | 1479610 | 130 |
| 50വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 121800 | 13 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2017ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരിപ്പ് തുകയായ **4117/-**രൂപയുടെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു.

വരവുകൾ

<u>വരവിനങ്ങളുടെ രജിസ്റ്ററുകൾ</u> - വരവിനങ്ങളിൽ വസ്തുനികുതി ഒഴികെയുള്ളവയുടെ ഡി.സി.ബി തയ്യാറാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയറിൽ 2015-16 വരെ നികുതി നിർണ്ണയം കഴിഞ്ഞ കെട്ടിടങ്ങളുടെയും 13-14ന മുമ്പ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെയും ഡേറ്റാ എൻട്രി നടത്തുവാനവശേഷിക്കുന്നു. നികുതി നിർണ്ണയിക്കുമ്പോൾ തന്നെ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിന്ന് പെർമിറ്റ് എടുക്കുന്ന എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി നികുതി പരിധിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കുന്നില്ല. വിശദാംശങ്ങൾ ചേർത്ത് പെർമിറ്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്. ഡി&ഒ ട്രേഡ് ലൈസൻസ് എടുക്കുന്നവരുടെ എണ്ണത്തിലും ഫീസ് ഇനത്തിലും തൊഴിൽ നികുതി ഒടുക്കുന്ന വ്യാപാരികളുടെ എണ്ണത്തിലും വർദ്ധനവുണ്ട്.

ചെലവുകൾ

ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്. പഞ്ചായത്തിലെ തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയതിനാൽ അടുത്ത വർഷം(16-17) മുതൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട് (ചെലവ് 97000രൂപ എന്നത് 16000 രൂപ ആയി കുറഞ്ഞു) . കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ പൂർണ്ണമായി നടത്തിയിട്ടുണ്ട്.

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05/12/16 | നവംബർ 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16/04/08 | 1997-1998മുതൽ 2007-08 വരെ | 20/06/08 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

15-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ പറയുന്ന ന്യൂനതകൾ ഉണ്ട്.

ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച സചിത്ര സോഫ്റ്റ് വെയർ പഞ്ചായത്തിന്റെ വാർഷിക കണക്കുകളുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ പൂർണ്ണമായും (കണക്കുകൾ തയ്യാറാക്കുന്നത് സാംഖ്യയിൽ ആരംഭിക്കുന്നതിന് മുമ്പ്, 2012ന് മുമ്പ് ആർജ്ജിച്ച ആസ്തികൾ) സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.(ഷെഡ്യൂൾ ബി-11).

## 2-2 വസ്തുനികുതി - അസസ്സ്മെന്റ് രജിസ്റ്ററും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

പഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച അസസ് മെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലുകളും തമ്മിൽ സാരമായ വ്യത്യാസം കാണുന്നു. 2014-15ലും, 15-16ലും നികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങളും സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ പാസ്റ്റ് ഡേറ്റാ എൻട്രി നടത്തിയതിലും അപാകത സംഭവിച്ചിട്ടുണ്ട്. റോഡുകളുടെ വിവരം, കെട്ടിടത്തിന്റെ ഉപയോഗക്രമം, വിസ്തീർണ്ണം എന്നിവയിലും കണക്കാക്കിയ നികുതിയിലും ഈ വ്യത്യാസത്തിന് സാധ്യതയുണ്ട്. ഇത്തരം അപാകതകൾ മൂലം പഞ്ചായത്തിന് വലിയ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. അപാകതകൾ കണ്ടെത്തി പരിഹരിച്ച് പഞ്ചായത്തിന്റെ വരുമാനചോർച്ച പരിഹരിക്കുവാൻ അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നഷ്ടം വരുന്നത് - സംബന്ധിച്ച്

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത് 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ് മെന്റ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല എന്ന് കണ്ടു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തൃതി ച.മീ. | നിർണയിച്ച നികുതി വർദ്ധന-ഇളവ് ഉൾപ്പടെ ച.മീ.ന് 40 രൂപാ നിരക്കിൽ | നിർണ്ണയിക്കേണ്ട നികുതി വർദ്ധന-ഇളവ് ഉൾപ്പടെ ച.മീ.ന് 50 രൂപ നിരക്കിൽ | കുറവ് |
|---|---|---|---|---|---|
| 1 | 6/321A | 97.24GF | 4668 +234 LC+ 1401 SC | 5835 +292 LC +1751 SC (+20%റോഡ് ) | 1167 +58 |

| | | | | | |
|---|---|---|---|---|---|
| | | | | | +350 |
| 2 | 6/321B | 97.24FF | 4435 + 222 LC+ 1331 SC | 5544 + 278 LC + 1664 SC (20%റോഡ്+ 5% FF) | 1109 +56 +333 |

ഇത്തരം കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് കുറവായ തുക കെട്ടിട ഉടമയിൽ നിന്ന് ഈടാക്കി വിവരം ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് 2013-14 മുതൽ നികുതി നിർണ്ണയിച്ച സമാനമായ വാണിജ്യകെട്ടിടങ്ങളുടെയും, കൂട്ടിച്ചേർക്കൽ മൂലം 100 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമായ വാണിജ്യകെട്ടിടങ്ങളുടെയും നികുതി മേൽ സൂചിപ്പിച്ച പ്രകാരം നിർണ്ണയിച്ചിട്ടില്ലെങ്കിൽ അത്തരം കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

## 2-4 സർക്കാർ വിജ്ഞാപനം ചെയ്ത പ്രകാരം പുതിയ ഇനങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിക്കാത്തത്

സ.ഉ.(അ)36/2015ത.സ്വ.ഭ.വ. തീയതി 24.02.15 പ്രകാരം 14.01.2011ലെ സ.ഉ.(അ)19/2011ത.സ്വ.ഭ.വ. ഉത്തരവ് ഭേദഗതി ചെയ്ത കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം ചുവടെ ചേർക്കുന്ന ഇനങ്ങൾക്ക് കുറഞ്ഞതും കൂടിയതുമായ നികുതി നിരക്കുകൾ നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

| ക്രമ നം. | പട്ടികയിലെ ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | കുറഞ്ഞ നിരക്ക് (ച.മീറ്ററിന്) | കൂടിയ നിരക്ക് (ച.മീറ്ററിന്) |
|---|---|---|---|---|
| 1 | 1എ | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| 2 | 4എ | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് എന്നിവ അണ്ടർടേക്കിംഗിന്റെ അടിസ്ഥാനത്തിൽ | 3 | 8 |
| 3 | 7 (iii) | മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡവലപ്പ് മെന്റ് ആക്ട്, 2006 (2006ലെ27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 4 | 11 | ആയുർവ്വേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |

എന്നാൽ നാളിതുവരെ പഞ്ചായത്ത് ഈ ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് നികുതിനിരക്ക് നിശ്ചയിച്ചിട്ടില്ല. ഈ ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് അടിയന്തിരമായി നികുതിനിരക്ക് നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്തുള്ള റസിഡൻഷ്യൽ കെട്ടിടങ്ങളോട് ചേർന്നുള്ള സ്വകാര്യ ഹോസ്റ്റൽ മുറികളുടെയും (ഗവ. പോളിടെക്കനിക്കിന് സമീപമുള്ളവ ഉൾപ്പെടെ), സുഖ ചികിൽസ നൽകുന്ന ആയുർവ്വേദ ആശുപത്രിയുടെയും നികുതി ഇപ്രകാരം പുതുക്കി നിശ്ചയിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകൾ ഉപയോഗപ്പെടുത്തുന്ന മുഴുവൻ ഭാഗത്തിനും വസ്തുനികുതി ചുമത്തുന്നില്ല

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ചുമത്തുമ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗത്തിനും സ.ഉ (അ)19/2011/തസ്വഭവ/തീ.14/01/2011 പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കിൽ നികുതി ചുമത്തുന്നില്ല. ബാറ്ററി മുറി, അനുബന്ധമുറി എന്നിവ മാത്രമാണ് നികുതി ചുമത്തപ്പെടുന്നത്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം-2(m), സ.ഉ. (സാധാ)നം.707/14/തസ്വഭവ തീ.7/3/14 എന്നിവ പ്രകാരം കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾക്കൊണ്ട് നിർമ്മിച്ച ഏതൊരുപണിപ്പാടും എന്നർത്ഥമാകുന്നു. (the term *building* means “any structure for whatever purpose and of whatever material”). ഇതനുസരിച്ച് മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്പേസ്, അനുബന്ധ മുറികളുടെ വിസ്തീർണ്ണം)നികുതി ചുമത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് (നം.6/6.01.17) മറുപടിയായി പഞ്ചായത്തിൽ 4 മൊബൈൽ ടവറുകൾ ഉണ്ടെന്ന അറിയിച്ചു. എന്നാൽ സഞ്ചയയിൽ 7 മൊബൈൽ ടവറുകൾ ഉൾപ്പെട്ടിട്ടുണ്ട്. അതിൽ 3 എണ്ണത്തിന്റെ നികുതി നിർണ്ണയം പൂർത്തീകരിച്ചിട്ടില്ല. എല്ലാ മൊബൈൽ ടവറുകളും പരമാവധി 28ച.മീ. വിസ്തീർണ്ണമുള്ളവയായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ മൊബൈൽ ടവറുകളുടെ പ്ലാൻ ലഭ്യമാക്കിയും നേരിൽ പരിശോധിച്ചും അവയുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്പേസ്, അനുബന്ധ മുറികളുടെ വിസ്തീർണ്ണം) നികുതി ചുമത്തേണ്ടതാണ്. കുറഞ്ഞ സ്ഥലം നികുതി ചുമത്തിയതായി രേഖപ്പെടുത്തിയവ കെട്ടിടങ്ങൾക്ക് മുകളിലുള്ളവയാണെങ്കിൽ ടവർ ഓപ്പറേറ്റർമാർ ലീസിനെടുത്തിട്ടുള്ള മുഴുവൻ ഭാഗത്തിന്റെയും വിസ്തീർണ്ണത്തിനും നികുതി ചുമത്തേണ്ടതാണ്.

## 2-6 തൊഴിൽ നികുതി - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു

തനത് വരുമാനം താരതമ്യേന വളരെ കുറവുള്ള പഞ്ചായത്തിലെ മുഖ്യ വരുമാനങ്ങളിലൊന്നാണ് തൊഴിൽ നികുതി. ആയത് ഈടാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205(ബി) മുതൽ 205 (എഫ്) വരെ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ആയതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിച്ച് എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത്

പഞ്ചായത്തിലെ എല്ലാ സ്ഥാപനമേധാവികളും ജീവനക്കാരുടെ അർദ്ധ വാർഷികവരുമാനപത്രിക ലഭ്യമാക്കുകയോ നികുതി ഈടാക്കി അടയ്ക്കുകയോ ചെയ്യുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് വിവരം | നികുതി അടയ്ക്കാ തിരുന്ന വർഷം | റിമാർക്സ് |
|---|---|---|---|
| 1 | പവർ വിഷൻ, വേൾഡ് ടെലകാസ്റ്റിംഗ് കമ്പനി ലിമിറ്റഡ് | 15-16 ഒന്നാം അർദ്ധവർഷം | 15-16 രണ്ടാം അർദ്ധവർഷം 35 പേരുടെ നികുതി അടച്ചിട്ടുണ്ട്. |

ഓഡിറ്റ് എൻക്വയറിക്ക് (നം.14/17.01.17) മറുപടിയായി വെണ്ണിക്കുളം, മുണ്ടമല പോസ്റ്റ് ഓഫീസുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി എൻക്വയറിയുടെ അടിസ്ഥാനത്തിൽ ഈടാക്കി എന്നും പവർവിഷൻ എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ എണ്ണം അപേക്ഷകളിൽ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട് എന്ന് പഞ്ചായത്ത് ഉറപ്പാക്കുന്നില്ല. അപേക്ഷകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികളും സ്വീകരിക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസ.രജി. ക്രമ നം. | സ്ഥാപനത്തിന്റെ വിവരം | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 5/15-16 | ത്രിവേണി സൂപ്പർ മാർക്കറ്റ്, വെണ്ണിക്കുളം | 4 |
| 8/15-16 | സെന്റ് തോമസ് സോ മിൽ, വെണ്ണിക്കുളം | 4 |
| 16/15-16 | കൃപ സിമെന്റ് പ്രോഡക്ട്സ്, കവുംങ്ങുംപ്രയാർ ഹോളോ ബ്രിക്സ് നിർമ്മാണം | 4 |
| 22/15-16 | ബെഥേൽ എന്റർപ്രൈസസ്, കോതകുളം പ്ലാസ്റ്റിക്/സ്റ്റീൽ ഫർണീച്ചർ, മെത്തകൾ/മാറ്റുകൾ വിൽപ്പന | 4 |
| 2/15-16 | മഹിമ ഗ്യാസ് ഏജൻസി, വട്ടക്കോട്ടാൽ | 2 |

| | | |
|---|---|---|
| 60/15-16 | ക്വാളിറ്റി ഫർണീച്ചർ, വെണ്ണിക്കുളം<br>പ്ലാസ്റ്റിക്/സ്റ്റീൽ ഫർണീച്ചർ, മെത്തകൾ മാറ്റുകൾ വിൽപ്പന | 1 |
| 83/15-16 | ശ്രീദേവി സോ മിൽ & ഫർണീച്ചർ, കോമളം<br>തടിമിൽ, ഫർണീച്ചർ നിർമ്മാണം/വിൽപ്പന | 4 |

മേൽ സൂചിത ലിസ്റ്റിൽ നിന്നും ടി സ്ഥാപനങ്ങളുടെ പ്രാധാന്യമനുസരിച്ച് അപേക്ഷയിൽ ചേർത്തിരിക്കുന്ന ജീവനക്കാരുടെ എണ്ണം താരതമ്യേന കുറവാണ് എന്ന് വ്യക്തമാണ്. ഒരു സ്ഥാപനത്തിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ വിവരം സംബന്ധിച്ച രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കാൻ പഞ്ചായത്തിന് ആവശ്യപ്പെടാവുന്നതാണെന്ന് നിയമത്തിലും ചട്ടങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള മേൽ സൂചിത ലിസ്റ്റിലേതുൾപ്പടെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ കൃത്യമായ വിവരം ശേഖരിച്ച് നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേ.പ.രാ.(നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5 ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## 2-9 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

1. ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് അവയ്ക്ക് നേരെ ചേർത്തിരിക്കുന്ന അർദ്ധ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് വിവരം | നികുതി അടയ്ക്കാതിരുന്ന വർഷം |
|---|---|---|
| 1 | ബി ആന്റ് ബി ഫിനാൻസിയേഴ്സ്, കുന്ത്രയിൽ ബിൽഡിംഗ്, പുറമറ്റം | 15-16 I & II |
| 2 | ജി മൂൺ ലീസിംഗ്, ശ്രീമംഗലം, പുറമറ്റം | 15-16 I & II |
| 3 | പിസിഎഐ ബാങ്കേഴ്സ്, മഡോണ ബിൽഡിംഗ്, കോമളം, വെണ്ണിക്കുളം, പുറമറ്റം | 15-16 I & II |
| 4 | പ്ലാക്കട ഫിനാൻസിയേഴ്സ്, പ്ലാക്കട ബിൽഡിംഗ്, പുറമറ്റം ജംഗ്ഷൻ, പുറമറ്റം. | 15-16 I & II |
| 5 | പ്ലാക്കട ഫിനാൻസിയേഴ്സ്, പ്ലാക്കട ബിൽഡിംഗ്, പുറമറ്റം ജംഗ്ഷൻ, പുറമറ്റം. | 15-16 I & II |
| 6 | താഴത്തതിൽ ഫിനാൻസിയേഴ്സ്, താഴത്തതിൽ ബിൽഡിംഗ്, പുറമറ്റം. | 15-16 I & II |

(മേൽ സ്ഥാപനങ്ങളുടെ വിവരം www.keralataxes.gov.in/kmldealers, www.keralataxes.gov.in/KML_DEALER_LIST എന്നീ വെബ്സൈറ്റുകളിൽ നിന്നുള്ള പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലൈസൻസ്ഡ് മണി ലെൻഡേഴ്സിന്റെ വിവരങ്ങളിൽ നിന്ന് ലഭിച്ചതാണ്)

ഓഡിറ്റ് എൻക്വയറിക്ക് (നം.14/17.01.17) മറുപടിയായി സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം യു.പി. സ്കൂൾ, വെണ്ണിക്കുളം, മാർ തെയോഫിലോസ് ബഥനി കോൺവന്റ് പബ്ലിക്ക് സ്കൂൾ, വെണ്ണിക്കുളം എന്നിവയുടെ സ്ഥാപന തൊഴിൽ നികുതി എൻക്വയറിയുടെ അടിസ്ഥാനത്തിൽ ഈടാക്കി എന്നും മറ്റ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ തൊഴിൽ നികുതി ഈടാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പഞ്ചായത്തിലെ വെണ്ണികുളം ജംഗ്ഷനു സമീപമുള്ള സബ് രജിസ്ട്രാർ ഓഫീസിനു സമീപം ആധാരം എഴുത്തു ഓഫീസുകളിൽ 26 ആധാരം എഴുത്തുകാർ ജോലി ചെയ്യുന്നുണ്ട്. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല. ഓഡിറ്റ് എൻക്വയറിക്ക് (14/17.1.17) മറുപടിയായി ലഭ്യമാക്കിയ ലിസ്റ്റിലുള്ള 26 പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-10 ഡി&ഒ ലൈസൻസ് - എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല, ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല

പഞ്ചായത്തിൽ 2015-16 ൽ 194സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. 2013-14 മുതൽ ക്രമാനുഗതമായ വളർച്ച ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിലുണ്ട്. (2013-14 ൽ 74, 2014-15 ൽ 124).

തൻ വർഷം ലൈസൻസ് എടുത്തതിൽ 30ഓളം സ്ഥാപനങ്ങൾ ഒഴികെ മറ്റ് സ്ഥാപനങ്ങൾ എല്ലാം ചട്ടപ്രകാരമുള്ള സമയത്തിനു ശേഷമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ നിന്നും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഭൂരിപക്ഷം സ്ഥാപനങ്ങളും 01.04.2015 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ എല്ലാ സ്ഥാപനങ്ങളും തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ മേൽ സൂചിത ചട്ടങ്ങളിലെ ചട്ടം 26 പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കാവുന്നനതാണ്.

## 2-11. കൃത്യമായ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കാത്തത്

പഞ്ചായത്തിലെ പല വൻകിട സ്ഥാപനങ്ങളുടെയും ലൈസൻസ് അപേക്ഷകളിൽ വിറ്റുവരവ് സംബന്ധിച്ച വിവരം ചേർത്തിട്ടില്ല. കൂടാതെ ചില സ്ഥാപനങ്ങൾ വിറ്റുവരവ് കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യാപാരങ്ങളുടെ പ്രധാന്യത്തിൽ നിന്നും അനുബന്ധരേഖകളിൽ നിന്നും വ്യക്തമാണ്. ഒരു ദിവസത്തെ വിറ്റുവരവിന്റെ കൃത്യത പരിശോധിക്കാതെ കുറഞ്ഞ നിരക്കിലുള്ള ഫീസ് ചുമത്തിയതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ഇവരിൽ നിന്ന് ഈടാക്കിയ തൊഴിൽ നികുതിക്ക് ആനുപാതികമായ ലൈസൻസ് ഫീസ് പോലും ഈടാക്കിയിട്ടില്ലെന്നുള്ളത് വ്യക്തമാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസ. രജി. ക്രമ നം. | സ്ഥാപനത്തിന്റെ വിവരം | രേഖപ്പെടുത്തിയ വിറ്റു വരവ് | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കിയ ലൈസൻസ് ഫീസ് | മെഷിനറി ഫീസ് |
|---|---|---|---|---|---|---|
| 5/15-16 | ത്രിവേണി സൂപ്പർ മാർക്കറ്റ്, വെണ്ണിക്കുളം | 10000 | -- | 2500 | 500 | -- |
| 8/15-16 | സെന്റ് തോമസ് സോ മിൽ, വെണ്ണിക്കുളം | 3800 | 34 | 2500 | 500 | 400 |
| | മലിനീകരണനിയന്ത്രണബോർഡ് സർട്ടിക്കറ്റ് പ്രകാരം സ്ഥാപനത്തിന്റെ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് 22.21ലക്ഷം രൂപയാണ്. | | | | | |
| 16/15-16 | കൃപ സിമെന്റ് പ്രോഡക്ട്സ്, കവുംങ്ങുംപ്രയാർ (ഹോളോ ബ്രിക്സ് നിർമ്മാണം) | 650 | 18 | 2500 | 200 | 300 |
| | മലിനീകരണനിയന്ത്രണബോർഡ് സർട്ടിക്കറ്റ് പ്രകാരം സ്ഥാപനത്തിന്റെ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് 9ലക്ഷം രൂപയാണ്. | | | | | |
| 22/15-16 | ബെഥേൽ എന്റർപ്രൈസസ്, കോതകുളം പ്ലാസ്റ്റിക്/സ്റ്റീൽ ഫർണീച്ചർ, മെത്തകൾ/മാറ്റുകൾ വിൽപ്പന | -- | -- | 900 | 300 | |
| 2/15-16 | മഹിമ ഗ്യാസ് ഏജൻസി, വട്ടക്കോട്ടാൽ | -- | -- | 600 | 200 | |
| 60/15-16 | ക്വാളിറ്റി ഫർണീച്ചർ, വെണ്ണിക്കുളം പ്ലാസ്റ്റിക്/സ്റ്റീൽ ഫർണീച്ചർ, മെത്തകൾ മാറ്റുകൾ വിൽപ്പന | -- | 1 | 900 | 300 | |
| 83/15-16 | ശ്രീദേവി സോ മിൽ & ഫർണീച്ചർ, കോമളം തടിമിൽ, ഫർണീച്ചർ നിർമ്മാണം/വിൽപ്പന | -- | 42 | 2000 | 500 | 500 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | മലിനീകരണനിയന്ത്രണബോർഡ് സർട്ടിക്കറ്റ് പ്രകാരം സ്ഥാപനത്തിന്റെ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് 10ലക്ഷം രൂപയാണ്. | | | | | |

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7 ൽ ഏതൊരു ലൈസൻസിനും II ാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. പട്ടിക IIൽ ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്താവുന്ന ഫീസ് പറഞ്ഞിട്ടുണ്ട്. കൂടാതെ പ്രതിദിനവിറ്റുവരവ് നിർണ്ണയിക്കാൻ ബുദ്ധിമുട്ടുള്ള സംഗതിയിൽ സ്ഥിരനിക്ഷേപത്തിന്റെ 5% ദിവസേനയുള്ള വിറ്റുവരവായി കണക്കാക്കി ഫീസ് ചുമത്താവുന്നതാണ് എന്ന് പട്ടിക IIൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം ഒരു വർഷം 4000 രൂപ വരെ ഇവരിൽ നിന്നും ഈടാക്കാമെന്നിരിക്കെ കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ടി നഷ്ടം ഈടാക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. ഡി&ഒ ലൈസൻസിനുള്ള അപേക്ഷകളിൽ പൂർണമായ വിവരങ്ങൾ ചേർത്തിട്ടുണ്ടോ എന്ന് അപേക്ഷകൾ പരിശോധിച്ച് ഉറപ്പു വരുത്താത്തതിനാലാണ് ഇത് സംഭവിച്ചിട്ടുള്ളത്. ലൈസൻസ് അപേക്ഷകളിലെ വിവരങ്ങളുടെ കൃത്യത പരിശോധിച്ച് ലൈസൻസ് ഫീസിനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നില്ല എന്ന് ബന്ധപ്പെട്ട സെക്ഷൻ ക്ളാർക്കും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 2-12 പരസ്യ നികുതി പിരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, ഉപവകുപ്പുകൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും ഇതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ രൂപീകരിച്ച് പഞ്ചായത്ത് കമ്മറ്റി അംഗീകാരം നൽകേണ്ടതും പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം വാങ്ങി പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്ക് മുതൽ കൂട്ടുന്നതിനു നടപടി സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന തിരുവല്ല-റാന്നി, കോഴഞ്ചേരി-കോട്ടയം, കുമ്പനാട്-ഇരുത്തിക്കാട് റോഡുകളുടെ വശങ്ങളിലായി ധാരാളം പരസ്യബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വെണ്ണിക്കുളം, പുറമറ്റം, വട്ടക്കോട്ടാൽ എന്നിവിടങ്ങളിലും പഞ്ചായത്തിലെ വിവിധ റോഡരികിലും പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ബോർഡുകളിൽ നിന്നും നല്ലൊരു വരുമാനം ലഭിക്കുവാനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നില്ല.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21.02.2013 ലെ WP(C) നമ്പർ 27011/2012 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 25.10.2013 ൽ പുറപ്പെടുവിച്ച എൽ.എസ് .ജി (ആർ.സി) വകുപ്പിന്റെ 71806/RC2/2012/LSGD നമ്പർ സർക്കുലർ പ്രകാരം ഗതാഗത തടസ്സമുണ്ടാക്കുന്ന രീതിയിൽ റോഡുകൾ, റോഡരികുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ നീക്കം ചെയ്യണമെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. സുഗമമായ ഗതാഗതത്തിനു വിഘ്നം സൃഷ്ടിക്കുന്ന തരത്തിൽ വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും കാഴ്ച തടസ്സപ്പെടുത്തിക്കൊണ്ടും അപകടകാരണമായേക്കാവുന്ന രീതിയിലും ട്രാഫിക് ഐലന്റ്, മീഡിയൻ, ഫുട്പാത്ത് തുടങ്ങി ഏതിടങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ സ്വമേധയാ ഗ്രാമ പഞ്ചായത്തിനു നീക്കം ചെയ്യാവുന്നതാണെന്നു സർക്കുലർ നിർദ്ദേശിക്കുന്നു. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലോ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതും ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കിക്കൊണ്ട് അനധികൃത പരസ്യങ്ങൾ ഒഴിവാക്കാവുന്നതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതിവിഹിതം പൂർണ്ണമായും വിനിയോഗിക്കാതിരുന്നതിനാൽ 91.9 ലക്ഷം രൂപ പഞ്ചായത്തിന് നഷ്ടമായി

ലഭ്യമായ ഫണ്ട് പൂർണ്ണമായും ചെലവഴിക്കാതിരുന്നതിനാൽ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി വിനിയോഗിക്കാമായിരുന്ന 91,90,655/- രൂപ പഞ്ചായത്തിന് നഷ്ടമായി. ലഭ്യമായ അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ടായിരുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടിവന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നഷ്ടമായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 661975 | 6703795 | 7365770 | 5117176 | 2248594 |
| വികസനഫണ്ട്(എസ്.സി.പി) | 1963905 | 3801000 | 5764905 | 3767448 | 1997457 |
| വികസനഫണ്ട്(റ്റി.എസ്.പി) | 28474 | 9000 | 37474 | 1190 | 36284 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 2721692 | 2176000 | 4897692 | 4509036 | 388656 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 3160059 | 2320000 | 5480059 | 1240049 | 4240010 |
| ധനകാര്യകമ്മീഷൻ അവാർഡ് | 474691 | 1900532 | 2375223 | 2095569 | 279654 |
| ലോകബാങ്ക് ധനസഹായം | 1037 | 0 | 1037 | 1037 | 0 |
| ആകെ | 9011833 | 16910327 | 25922160 | 16731505 | **9190655** |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും വിവിധ സേവനങ്ങൾ നൽകുന്നതിനും ലഭ്യമായ തുകയാണ് ഇപ്രകാരം നഷ്ടപ്പെട്ടത്.ദീർഘവീക്ഷണമില്ലാതെയും പ്രൊജക്ട് തയ്യാറാക്കാതെയും തുക ചെലവഴിക്കാതിരുന്നത് സെക്രട്ടറിയുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-2 പഞ്ചായത്തിന് കൈമാറിക്കിട്ടാത്ത ആംബുലൻസിന്റെ അറ്റകുറ്റപ്പണികൾക്കും ഇന്ധനച്ചെലവിനും സംരക്ഷണഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 65/15-16, പി.എച്ച്.സി യുടെ ആംബുലൻസ് മെയ്റ്റനൻസ് |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| അടങ്കൽ | 25000/- (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | 13872/-(ബിൽ നമ്പർ-4/15-16, തീയതി 29.09.2015) |

പുറമറ്റം പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ആംബുലൻസിന്റെ ഇന്ധനച്ചെലവിനും അറ്റകുറ്റപ്പണികൾക്കുമാണ് തുക ചെലവഴിച്ചത്. ആംബുലൻസ് ഗ്രാമപ്പഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടില്ല.പദ്ധതിയ്ക്കായി 13872/- രൂപ ചെലവഴിച്ചതിൽ 9118/- രൂപയും വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നതിനും 4754/- രൂപ അറ്റകുറ്റപ്പണികൾക്കുമായാണ് ചെലവഴിച്ചത്.ഓഡിറ്റ് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 7/17.01.2017) മെഡിക്കൽ ഓഫീസർ നൽകിയ മറുപടി തൃപ്തികരമല്ല.. "സ.ഉ..നം.3217/15 ,02.10.15 പ്രകാരം പാലിയേറ്റീവ് പദ്ധതിയ്ക്കായി വാഹനം ഉപയോഗിക്കുമ്പോൾ ഡ്രൈവറുടെ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾ പാലിയേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്നതാണ്" എന്ന മറുപടിയാണ് ലഭ്യമാക്കിയത്.ഈ വാദം അംഗീകരിക്കുന്നില്ല.പാലിയേറ്റിവ് കെയർ പദ്ധതി പ്രകാരമല്ല തുക ചെലവഴിച്ചത്. 9118/- രൂപ ഇന്ധനച്ചെലവായി വിനിയോഗിച്ചതിൽ ഒരു രൂപ പോലും ഹോംകെയർ വിസിറ്റിനായി യാത്ര നടത്തിയ ദിവസങ്ങളിലേതുമല്ല.വരും വർഷങ്ങളിൽ ഇത്തരത്തിലുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ക്ഷയരോഗ നിയന്ത്രണ പരിപാടി -മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

| | |
|---|---|
| പ്രോജക്ട് നം. | 12/16 |
| പ്രോജക്ട് | ക്ഷയരോഗ നിയന്ത്രണ പരിപാടി |
| അടങ്കൽ | 25000/- (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | 25000/- (ബിൽ നമ്പർ-13/15-16 തീയതി -22.03.2016) |

2015-16 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടിക്കായി 25000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തിലെ ആറ് സ്ഥലങ്ങളിലായി ക്യാമ്പ് നടത്തിയതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. എല്ലാ ക്യാമ്പുകളിലുമായി കേവലം 182പേർ മാത്രമാണ് പങ്കെടുത്തത്.പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖയിൽ ഉൽപാദനപരമല്ലാത്ത മേളകളും, ക്യാമ്പുകളും പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഏറ്റെടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. വിദൂര സ്ഥലങ്ങളിലെ പട്ടിക വർഗ്ഗ കോളനികളിൽ മാത്രമായി ക്യാമ്പുകൾ പരിമിതപ്പെടുത്തേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ നടത്താൻ ആവശ്യത്തിന് ജീവനക്കാർ ആരോഗ്യ മേഖലയിൽ ലഭ്യമായിരിക്കെ പദ്ധതി പണം ചെലവഴിച്ച് പ്രോജക്ട് നടപ്പാക്കിയത് ക്രമവരുദ്ധമായ നടപടിയാണ്. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ കർശനമായി ഒഴിവാക്കേണ്ടതാണ്.ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 ഭവന പുനരുദ്ധാരണം- അനർഹമായി നൽകിയ തുക തിരികെ ഈടാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പട്ടികജാതി വിഭാഗക്കാർക്കായുള്ള ഭവന പുനരുദ്ധാരണ പദ്ധതിയിൽ ശ്രീ. റ്റി.എൻ. ശശിധരൻ,നരിക്കുഴിൽ വീട്, വെണ്ണിക്കുളം എന്ന മേൽവിലാസക്കാരന് 2015-16 വർഷം ഭവനപുനരുദ്ധാരണത്തിനായി വികസന ഫണ്ടിൽ (എസ്.സി) നിന്നും 12500/- രൂപ ധനസഹായം അനുവദിച്ചിരുന്നു. (ബിൽ നം.18/15-16 തീയതി 31.03.2016).ഭവന പുനരുദ്ധാരണത്തിനായി 2013-14 വർഷവും ടിയാന് ആനുകൂല്യം അനുവദിച്ചിരുന്നു എന്ന് ഗ്രാമസേവകൻ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷം നൽകിയ 12500/- രൂപ തിരികെ ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.(07.10.2016 ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാനം).തുക ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.ചെലവു തുക നിരാകരിക്കുന്നു. അടിയന്തിരമായി തുക തിരികെ ഈടാക്കി പിൻവലിച്ച അതേ ശീർഷകത്തിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 3-5 നായ്ക്കൾക്ക് ഷെൽറ്റർ നിർമ്മാണം- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

| | | |
|---|---|---|
| പ്രോജക്ട് നം | : | 150/2015-16 |
| പ്രോജക്ടിന്റെ പേര് | : | തെരുവുനായ്ക്കളുടെ വർദ്ധനവ് തടയുന്നത് - എബിസി പ്രോഗ്രാം |
| അടങ്കൽ | : | 70000 |
| ചെലവ്/ ഫണ്ടിനം | : | 65000/- വികസനഫണ്ട് (ജനറൽ)<br>ഡി.ഡി.നം. 858887 തീയതി 15.02.2016<br>5000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>ഡി.ഡി.നം.858886 തീയതി 15.02.2016 |
| നിർവ്വഹണം | : | സെക്രട്ടറി |

തെരുവുനായ്ക്കളുടെ വർദ്ധനവ് തടയുന്നതിനായി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന എബിസി (ആനിമൽ ബർത്ത് കൺട്രോൾ) പ്രോഗ്രാമിനായി പഞ്ചായത്തിന്റെ വികസനഫണ്ടിൽനിന്നും 70000രൂപ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ജില്ലാപ്പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.ചെലവുതുക തടസ്സപ്പെടുത്തുന്നു.പ്രസ്തുത പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കേണ്ടതും പദ്ധതി നടപ്പാക്കാത്ത പക്ഷം തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതുമാണ്.

## 3-6 എസ്.എസ്.എ. - വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയില്ല

2015-16 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിലെ പ്രൈമറി സ്കൂളുകളുടെ സമഗ്രവികസനത്തിനായി എസ്.എസ്.എയ്ക്ക് നൽകിയ 200000/- രൂപ (പ്രൊ.നം.45/15-16)മൊത്തമായും വിനിയോഗിച്ചു എന്ന റിപ്പോർട്ടാണ് എസ്.എസ്.എ

അധികൃതർ നൽകിയത്. എന്നാൽ അവരുടെ പ്രൊജക്ട് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാപ്രവൃത്തികളും ഗ്രാമപ്പഞ്ചായത്തിലെ ബന്ധപ്പെട്ട സ്കൂളുകളിൽ നടപ്പാക്കി എന്ന് ഉറപ്പാക്കാൻ ഈ വിനിയോഗ സാക്ഷ്യപത്രപ്രകാരം സാദ്ധ്യമല്ല. ആയതിനാൽ ഏതെല്ലാം ഇനത്തിലാണ് തുക ചെലവഴിച്ചതെന്ന കൃത്യമായവിവരം പണം നൽകിയ സ്ഥാപനം എന്ന നിലയ്ക്ക് ഗ്രാമപ്പഞ്ചായത്ത് അറിയേണ്ടതാണ്. ഇനം തിരിച്ചുള്ള വിനിയോഗ വിവരം ലഭ്യമാക്കാൻ എസ്.എസ്.എ യോട് ആവശ്യപ്പെടുവാൻ ഓഡിറ്റ്ശുപാർശ ചെയ്യുന്നു.

## 3-7 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അർഹമായ ആനുകൂല്യം നൽകുന്നില്ല

| | |
|---|---|
| പ്രോജക്ട് നം. | S0 24/2015-16 |
| നിർവ്വഹണം | ICDS സൂപ്പർവൈസർ |
| അടങ്കൽ | 400000[വികസന ഫണ്ട്-200000/-,ബ്ളോക്ക് വിഹിതം-100000/-,ജില്ലാ പഞ്ചായത്ത് വിഹിതം-100000/-] |
| ചെലവ് | 300000[വികസന ഫണ്ട്-200000/-,ബ്ളോക്ക് വിഹിതം-100000/-] |

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണത്തിനുള്ള പ്രോജക്ട് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഏറ്റെടുത്തു നടപ്പിലാക്കേണ്ടതാണ്. ത്രിതല പഞ്ചായത്തുകളുടെ കാര്യത്തിൽ ഇതിന് ആവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50:25:25 എന്ന അനുപാതത്തിൽ വകയിരുത്തേണ്ടതാണ്. എന്നാൽ ജില്ലാ പഞ്ചായത്തിൽ നിന്നുമുള്ള വിഹിതം ലഭ്യമായില്ല ഗ്രാമ,ബ്ളോക്ക് പഞ്ചായത്തുകളുടെ വിഹിതം മാത്രമാണ് പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളത്.43 വിദ്യാർത്ഥികൾക്കാണ് 2015-16 വർഷം സ്കോളർഷിപ്പ് നൽകിയത്. 43 വിദ്യാർത്ഥികൾക്കും അർഹമായ നിരക്കിൽ ധനസഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തി ആനുകൂല്യം വിതരണം ചെയ്യുകയാണ് ഉണ്ടായത് (4220 മുതൽ 8550 രൂപ വരെ).

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (ജി.ഒ. (എം.എസ്.) നം. 362/2013 തീ.16.11.2013 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം 20000 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 5300 രൂപ മുതൽ 8000 രൂപ വരെയും സഹായം നൽകാമെന്നിരിക്കെ മതിയായ ഫണ്ട് വകയിരുത്താതെ തുച്ഛമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുളള പഞ്ചായത്തിന്റെ അവഗണനയാണ് സൂചിപ്പിക്കുന്നത്.

വരും വർഷങ്ങളിൽ മതിയായ ഫണ്ട് വകയിരുത്തി മറ്റ് തദ്ദേശ ഭരണസ്ഥാപനങ്ങളിൽ നിന്നും യഥാസമയം ഫണ്ട് ലഭ്യമാക്കുന്നതിനും ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിൽ ധനസഹായം വിതരണം ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-8 അങ്കണവാടി പോഷകാഹാരം- അരി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നില്ല

ഗ്രാമപ്പഞ്ചായത്തിലെ അങ്കണവാടികളിലേക്ക് അരി വാങ്ങിയത് വികസനഫണ്ടിൽ നിന്നും ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിയിട്ടുണ്ട്.പോഷകാഹാര വിതരണ പദ്ധതിയ്ക്കായുള്ള ഭക്ഷണ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ അരി ഒഴികെ മറ്റ് ഭക്ഷണസാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുണ്ട്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12 /17.01.2017) "അരി വിതരണത്തിനുള്ള സ്റ്റോക്ക് രജിസ്റ്റർ കാണുന്നില്ല.സ്റ്റോക്ക് രജിസ്റ്റർ കണ്ടെത്തി ഹാജരാക്കുന്നതാണ്"എന്ന മറുപടിയാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയത്.വിവിധ അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ അരി സ്റ്റോക്കിലെടുത്തിട്ടുണ്ട്.എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ സൂക്ഷിക്കേണ്ട പ്രധാന സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ വിതരണവിവരം കൃത്യമാണോ എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-9 ഓണറേറിയം ഇനത്തിൽ അധിക തുക പിൻവലിച്ചു

അങ്കണവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും 2015സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലെ ഓണറേറിയം നൽകുന്നതിനായി പ്രോ.നം.23/15-16 പ്രകാരം വികസനഫണ്ടിൽ നിന്നും 15300/- രൂപ പിൻവലിച്ചിട്ടുണ്ട്.(ബിൽ നമ്പർ 6 തീയതി 26.12.2015)എന്നാൽ അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം 15000/- രൂപ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. 300/- രൂപ അധികമായി പിൻവലിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/17.01.2017)അധികമായി പിൻവലിച്ച തുക തിരികെ ഒടുക്കുന്നതാണെന്ന് ഐ.സി.ഡി.എസ് .സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്. തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-10 അങ്കണവാടികൾ - അവലോകനം

ഗ്രാമപ്പഞ്ചായത്തിൽ ആകെ 17 അങ്കണവാടികളാണുള്ളത്. ഇതിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ 8എണ്ണം മാത്രമാണ്. വൈദ്യുതി ലഭിക്കാത്ത 5 അങ്കണവാടികളുണ്ട്. വൈദ്യുതീകരണം നടത്തിയിട്ടും കണക്ഷൻ ലഭിക്കാത്ത 2 അങ്കണവാടികളുണ്ട്. (കോതകളം, ഗാലക്സി) സ്വന്തം കെട്ടിടമുള്ളതിൽ 2 അങ്കണ വാടികൾക്ക്(31-മുണ്ടമല,33-വാലാങ്കര) വൈദ്യുതീകരണം നടത്തിയിട്ടില്ല. ഇവയുടെ വൈദ്യുതീകരണത്തിന് 2016-17 വർഷം പദ്ധതി ഏറ്റെടുത്തിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷം അവസാനിക്കാൻ 3 മാസം മാത്രം ശേഷിക്കെ പദ്ധതി നടപ്പായിട്ടില്ല. തൻ വർഷം തന്നെ പദ്ധതി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഗ്രാമപ്പഞ്ചായത്ത് ശ്രമങ്ങൾ നടത്തുന്നില്ല. അടിസ്ഥാന ആവശ്യങ്ങളായ ടോയ്‌ലറ്റ്, സ്വന്തമായി കെട്ടിടം എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ആശ്രയ -പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല

നിരാശ്രയരും നിരാലംബരുമായ കുടുംബങ്ങളുടെ പുനരധിവാസത്തിനായി ആവിഷ്കരിച്ച ആശ്രയ പദ്ധതി പ്രകാരം ലക്ഷ്യമിട്ട പ്രവർത്തനങ്ങൾപൂർത്തീകരിക്കാൻഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

ആശ്രയ ഒന്നാം ഘട്ട പദ്ധതിയിൽ നിലവിൽ 39 ഗുണഭോക്താക്കൾക്ക് ഭക്ഷണ വിതരണം നടത്തുന്നുണ്ട്.ഇതൊഴിച്ചാൽ ഒന്നാം ഘട്ട പദ്ധതി നിർജ്ജീവമായ അവസ്ഥയിലാണുള്ളത്.2013-16 വർഷത്തേക്കുള്ള രണ്ടാം ഘട്ട പദ്ധതിയിൽ 146 ഗുണഭോക്താക്കളുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | സേവനം ആവശ്യമായ ഗുണഭോക്താക്കളുടെ എണ്ണം | സേവനം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| പ്രോജക്ട പ്രകാരം ആകെ ഗുണഭോക്താക്കൾ | 146 | |
| ഭക്ഷണം | 146 | 146 |
| ചികിത്സ | 117 | - |
| വീടുവയ്ക്കാൻ സ്ഥലം | 6 | 1 |
| വീട് | 13 | 2 |
| വീട് മെയ്റ്റനൻസ് | 14 | 5 |
| തൊഴിൽ | 3 | 1 |

വീടുവയ്ക്കാൻസ്ഥലം, വീട്, വീട് മെയ്റ്റനൻസ്, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി വിഭാവനം ചെയ്യുന്ന പ്രോജക്ടുകളുടെ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിലുൾപ്പെട്ടവരെ ഉൾപ്പെടുത്തിയാണ് അവരുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടത്. അതുകൊണ്ട് തന്നെ പ്രോജക്ട് ആരംഭിച്ച ആദ്യ വർഷങ്ങളിൽതന്നെ ആശ്രയ ഗുണഭോക്താക്കളുടെ അടിസ്ഥാനസൗകര്യങ്ങൾ നിറവേറ്റപ്പെടേണ്ടതായിരുന്നു. എന്നാൽ ആശ്രയ പദ്ധതിയിലുൾപ്പെട്ടവർക്ക് പ്രത്യേകം പ്രോജക്ടുകൾ വിഭാവനം ചെയ്ത് പരിമിതമായ ഫണ്ട് വകയിരുത്തുന്ന രീതി അവലംബിക്കുന്നതിനാൽ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിന് മുമ്പ് തന്നെ അതിലും ഉയർന്ന മറ്റ് വിഭാഗങ്ങൾക്ക് ധനസഹായം ലഭ്യമാവുന്നുണ്ട്. ഇതിന്റെ ഫലമായി ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ വർഷങ്ങൾ കഴിഞ്ഞിട്ടും നിറവേറ്റപ്പെടാതെ വരുന്നുണ്ട്.

ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം മോണിറ്ററിംഗ് സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം മോണിറ്ററിംഗ് സമിതി വിലയിരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ സമിതിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ , ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി ,സി.ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ആശ്രയയുടെ ചുമതലയുള്ള സി.ഡി.എസ് അംഗം, രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവരായിരിക്കണം മോണിറ്ററിംഗ് സമിതി അംഗങ്ങൾ. 2015-16 വർഷം സമിതി മൂന്നു പ്രാവശ്യം യോഗം ചേർന്നിട്ടുണ്ടെങ്കിലും പദ്ധതി പ്രവർത്തനത്തെപ്പറ്റിയുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ആശ്രയ പദ്ധതിയുടെ ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള പദ്ധതി വിഹിതം പൂർണ്ണമായും പ്രൊജക്ടിൽ വകയിരുത്താതിരുന്നിട്ടും ഇത് സംബന്ധിച്ച യാതൊരു പരാമർശങ്ങളും സമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല.സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി ആശ്രയപദ്ധതിയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾസ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | -ഇല്ല- | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക്/ഡി.ഡി.നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പൊതുമരാമത്ത് വകുപ്പ് | പി.എച്ച്.സി ലാബ് വൈദ്യുതീകരണം | 30075/ 31.03.2016 | 40000 | - | 40000 |
| വൈദ്യുതി ബോർഡ് | സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ യൂണിറ്റുകൾ സ്ഥാപിക്കൽ | 85895/ 28.01.2016 | 20000 | - | 20000 |
| വാട്ടർ അതോറിറ്റി | 1,4,9,12 വാർഡുകളിലെ എസ്.സി സങ്കേതങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | 859995/ 02.04.16 | 200000 | - | 200000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

-ഇല്ല-

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷത്തിൽ വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻഅവശേഷിക്കുന്ന വായ്പാതുകയുടേയും വിശദ വിവരം താഴെചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന മുതൽ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന വായ്പ | ജി.ഒ(പി)നം. 1031/10,25.03.2010 | 8505000 | 3681525 | 949400 | 256997 | 2732125 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

-ഇല്ല-

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്,ഉദ്യോഗപ്പേര് | രസീത് നം/തീയതി |
|---|---|---|---|---|
| 2012-13 | 3(1) | 7000 | മണി.കെ.എം,സെക്രട്ടറി<br>(വിരമിച്ചു) | 115021000425,20/05/2015 |

## **4-7** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ടതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | | | -ഇല്ല- | |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(Receipt & Payment Statement പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ ) | 29368667 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 28350906 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ<br>അംഗീകരിക്കാത്ത തുക | 12800 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| *ഖണ്ഡിക നമ്പർ* | ചാർജ് ചെയ്യാവുന്ന തുക | *സർചാർജ്ജ് ചെയ്യാവുന്ന തുക* | *ഉത്തരവാദിയായ ഉദ്യോഗസ്ഥൻ* |
|---|---|---|---|
| 3-4 | | 12500/- | ജി.ഹരികുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | | 300/- | ലേഖ. എം ,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | | **12800/-** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| *ഖണ്ഡിക നമ്പർ* | *തുക* | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| 3-5 | 70000 | ശ്രീ.എസ്.പ്രഫുല്ലചന്ദ്രൻ,സെക്രട്ടറി |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| *പേരും ഉദ്യോഗപ്പേരും* | *ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം* | *സ്ഥിരം മേൽവിലാസം* |
|---|---|---|
| ജി.ഹരികുമാർ,അസിസ്റ്റന്റ് സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്<br>പഞ്ചായത്ത് ഡയറക്ടറേറ്റ്<br>തിരുവനന്തപുരം | ഗുരുപൂർണ്ണിമ<br>റ്റി.സി/20/39(7)<br>ശാരദാ നഗർ<br>കരമന.പി.ഒ |
| ലേഖ. എം<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ<br>ചടയമംഗലം ഗ്രാമപ്പഞ്ചായത്ത് | തയ്യിൽ വീട്<br>കൊങ്ങൽ<br>പറവൂർ.പി.ഒ<br>കൊല്ലം |

## **4-9** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി7-1040/07 തീയതി:20.01.10 |
| 1998-99 (DCB) | എൽ.എഫ്.പി.റ്റി.എ/പി5-445/11 തീയതി:19.08.13 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി7-21/2010 തീയതി:20.01.10 |
| 1999-00 (DCB) | എൽ.എഫ്.പി.റ്റി.എ/പി5-445/11 തീയതി:19.08.13 |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/ പി7-21/10 തീയതി:20.01.10 |
| 2000-01 (DCB) | എൽ.എഫ്.പി.റ്റി.എ/ പി5-779/11 തീയതി:27.0.11/23.11.13 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/-പി7-21/10 തീയതി:20.01.10 |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ/പി5-780/11 തീയതി:27.06.11/07.12.13 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി3-724/05 തീയതി:19.03.07 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി5-538/07 തീയതി:01.06.11 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി7-355/10 തീയതി:17.12.11/02.01.12 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി7-356/10തീയതി:10.02.12/01.03.12 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി5-1094/11തീയതി:19.03.14/06.06.14 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി5-402/12തീയതി:16.04.14/06.06.14 |

| | |
|---|---|
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി-8-403/12തീയതി:19.03.14/09.05.14 |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി-8-404/12തീയതി:26.04.14/06.06.14 |
| 2009-10 | എൽ.എഫ്.പി.റ്റി.എ/പി-8-405/12തീയതി:05.07.13/02.04.14 |
| 2010-11 | എൽ.എഫ്.പി.റ്റി.എ/പി-8-406/12തീയതി:06.08.14/04.10.14 |
| 2011-12, 12-13 | എൽ.എഫ്.പി.റ്റി.എ/പി-8-149/14തീയതി:24.04.14/14.11.14 |
| 2013-14 | എൽ.എഫ്.പി.റ്റി.എ/പി-8-572/15തീയതി:07.07.15/08.07.15 |
| 2014-15 | എൽ.എഫ്.പി.റ്റി.എ/പി-7-749/16തീയതി:16.07.2016 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ജില്ലാ കാര്യാലയം, പത്തനംതിട്ട.

## **അനുബന്ധം-1**

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

അനുബന്ധം-**1**

നം.കെ.എസ്.എ.പി.റ്റി.എ.പി8/53/17 തീയതി : 06.02.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമ പഞ്ചായത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്,

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ജില്ലാ കാര്യാലയം, പത്തനംതിട്ട.

No.K.S.A.PTA/P8 /53/2017

Dated :

06.02.2017

**AUDIT CERTIFICATE**

Certified that I have examined the Annual Financial Statement of **Puramattom Gramma Panchayat** in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Puramattom Gramma Panchayat** for the year 2015-16, except the obeservations in my report, properly presents the picture of income and expenditure.

**HABEEB MUHAMMED**

**Deputy Director,**

**Kerala State Audit Department,**

**District Office, Pathanamthitta.**